ഞാൻ സഭയുടെ മുൻപിൽ അവതരിപ്പിക്കുന്നത്. ഈ അഞ്ച് പഞ്ചായത്തുകളേയും പ്രൊജക്ട് വില്ലേജിൽ ഉൾപ്പെടുത്തി, ഇവിടെ സമഗ്രമായ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റിയ്ക്ക് അയച്ചിട്ടുണ്ട്. സാധാരണയായി ഇത്തരം സമഗ്രമായ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് അത്യാവശ്യം അതിനുള്ള വാട്ടർ സോഴ്സാണ്. എന്നാൽ മൂവാറ്റുപുഴയ്ക്കരികിൽ കൂടി കടന്നുപോകുന്ന ഈ 5 പഞ്ചായത്തുകളും മറ്റുപല പഞ്ചായത്തുകളിലേയ്ക്കുമുള്ള ശുദ്ധജല വിതരണത്തിനുള്ള വാട്ടർ സോഴ്സ് കണ്ടെത്തുന്നത് അവിടെ നിന്നാണ്. അതുകൊണ്ട് എത്രയും വേഗം ഈ അഞ്ച് പഞ്ചായത്തുകളിലേയും ശുദ്ധജല വിതരണ പദ്ധതികളും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ബഹുമാനപ്പെട്ട ബെന്നിബഹനാൻ പറഞ്ഞ കാര്യങ്ങളിലേക്ക് ഗവൺമെന്റ് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. രാമമംഗലത്ത് ഒരു ലാർജർ സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയാണ്. മണീട് 75 ലക്ഷം രൂപ വരുന്ന ഒരു വലിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. തിരുവാങ്കുളത്ത് അതുപോലെതന്നെ ബൃഹത്തായ 18 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് രൂപം നൽകിക്കഴിഞ്ഞിരിക്കുന്നു. ചോറ്റാനിക്കര ഒരു വലിയ പദ്ധതി 20 ലക്ഷം രൂപയുടേത് രൂപം നൽകി വരുന്നുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ ആക്സിലറേറ്റഡ് വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്താൻ വേണ്ടി കേന്ദ്രഗവൺമെന്റിലേയ്ക്ക് അയയ്ക്കുകയാണ്. ഉടനേതന്നെ അത് സാധിച്ചു തരുന്നതാണ്.

3. തിരുവനന്തപുരം നഗരത്തിലെ കല്ലടിമുഖത്ത് ബണ്ട് നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, തിരുവനന്തപുരം നഗരത്തിൽ കിള്ളിയാറും കരമനയാറും സന്ധിക്കുന്ന പ്രദേശമാണ് കല്ലടിമുഖം. ഈ പ്രദേശം ഒരു വെള്ളപ്പൊക്കത്തിന്റെ ഭീഷണിയിലാണ്. അവിടെ ഒരു താൽക്കാലിക ബണ്ട് ഉണ്ടായിരുന്നു. വളരെയേറെ അവികസിതമായ ഒരു പ്രദേശമാണത്. ചെയർ നേരിട്ടു കണ്ട സ്ഥലമാണ്. രണ്ടും മൂന്നും കിലോമീറ്റർ നടന്നാലേ ബസ് യാത്രചെയ്യാൻ സാധിക്കുകയുള്ളൂ. ആട്ടോറിക്ഷാപിടിച്ച് പോകാനും സാധിക്കാത്ത സ്ഥിതിയിലുള്ള പ്രദേശമാണ്. അവിടെ സർക്കാർ അളന്ന് കല്ലിട്ടിട്ടുള്ള സ്ഥലത്ത് ഒരു പക്കാ-ബണ്ട് നിർമ്മിച്ചാൽ വെള്ളപ്പൊക്ക നിരോധനത്തിനും അതോടൊപ്പംതന്നെ ആ പ്രദേശത്തിന്റെ വികസനത്തിനും ആധാരമായ രീതിയിൽ ഗതാഗത സൗകര്യമുണ്ടാകുമെന്നുള്ളതുകൊണ്ട് സർക്കാർ അളന്ന് കല്ലിട്ടിട്ടുള്ള രീതിയിൽ കല്ലടിമുഖം മുതൽ തിരുവല്ലംവരെ ഒരു പക്കാബണ്ട് നിർമ്മിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കല്ലടിമുഖം മുതൽ തിരുവല്ലംവരെയുള്ള വെള്ളപ്പൊക്ക പ്രതിരോധ ബണ്ട് നിർമ്മിച്ചിട്ടുള്ളത് കരമനയാറിൽ നിന്നുള്ള വെള്ളപ്പൊക്കം തടയാൻവേണ്ടിയാണ്. അവിടെ നിലവിലുള്ള ബണ്ട് ഈ ആവശ്യത്തിന് മതിയാകുന്നതാണ്, അതിനാൽ വെള്ളപ്പൊക്ക പ്രതിരോധത്തിനായി

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പടി ബണ്ട് ഇന്ന് അളന്ന് കല്ലിട്ടിട്ടുള്ള രീതിയിൽ വീതികൂട്ടുകയോ ബലപ്പെടുത്തുകയോ ചെയ്യേണ്ട ആവശ്യമില്ല. ഇപ്പോഴും യാതൊരു കുഴപ്പവുമില്ലെന്നാണ് ഗവൺമെൻറിന്റെ നിലപാട്. എന്തായാലും ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിശോധിക്കാം.

4. പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽ പീച്ചിയിൽ പ്രവർത്തിക്കുന്ന കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അത് കേരളത്തിന്റെ മൊത്തം വരുന്ന ഒരു സ്ഥാപനമാണ്. ആ സ്ഥാപനം ഒരു സ്വയംഭരണസ്ഥാപനമാക്കണമെന്ന് ഞാൻ ഈ സഭയിൽ ഒരു സബ്മിഷനിലൂടെ ഉന്നയിച്ചിരുന്നതാണ്. അന്നത്തെ ഇറിഗേഷൻ മന്ത്രിയായിരുന്ന ശ്രീ. എം. പി. ഗംഗാധരൻ, കെ.ഇ.ആർ.ഐ. യുടെ പ്രവർത്തനത്തെയും പ്രാധാന്യത്തേയും കണക്കിലെടുത്ത് അത് ഒരു സ്വയം ഭരണസ്ഥാപനമാക്കുന്നതിന് തീരുമാനിച്ചിരുന്നതാണ്. അവിടെ തന്നെ അതിന് തൊട്ടടുത്തു പ്രവർത്തിക്കുന്ന കെ.എഫ്.ആർ.ഐ. ഒരു സ്വതന്ത്രസ്ഥാപനമാണ്. വന ഗവേഷണരംഗത്തുള്ള അതിന്റെ പ്രവർത്തനം വളരെ നല്ല നിലയിൽ നടക്കുന്നു. അതേസമയം കെ.ഇ.ആർ.ഐ. യുടെ പ്രവർത്തനം മന്ദീഭവിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ വിദഗ്ദ്ധരായ എഞ്ചിനീയർമാർക്കും ശാസ്ത്രജ്ഞൻമാർക്കും ഈ രാജ്യത്തെ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയെ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ വരുത്തണം. അതിനു വേണ്ടി കെ.ഇ.ആർ.ഐ. യെ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട രാഘവൻ പൊഴക്കടവിലിന്റെ നിയോജകമണ്ഡലത്തിലുള്ള പീച്ചിയിലെ എല്ലാ സ്വതന്ത്ര സ്ഥാപനങ്ങളും മിക്കവാറും ഏകോപിപ്പിക്കാൻ പോവുകയാണ്. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോസ്റ്റൽ എറോഷൻ സ്റ്റഡി സർക്കിൾ, വാട്ടർ റിസോഴ്സസ് സർക്കിൾ, സെൻട്രൽ ഡിസൈൻ ഓർഗനൈസേഷൻ ഇവയെല്ലാംതന്നെ ഏകോപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇറിഗേഷൻ റിസർച്ച് ആന്റ് ഡിസൈൻ ബോർഡ് രൂപീകരിക്കാനുള്ള ആ വിഷയം ക്യാബിനറ്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഉടൻതന്നെ മിക്കവാറും അതിന് രൂപം കൊടുക്കാൻ കഴിയും.

5. മയ്യനാട്ടു പ്രദേശത്തെ കടലാക്രമണം

ശ്രീ. ആർ. എസ്. ഉണ്ണി: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന മയ്യനാട് താന്നി പ്രദേശത്ത് കടലാക്രമണം കഴിഞ്ഞ ജൂൺ മാസാവസാനത്തിൽ വളരെ രൂക്ഷമായി ഉണ്ടായിരുന്നു. ചില കുടിലുകളൊക്കെ ഒഴുകിപ്പോയി, ധാരാളം തെങ്ങുകൾ പിഴുതുവീണു, കടൽഭിത്തി പലയിടത്തും മണ്ണിനടിയിൽ വീണുപോയിട്ടുണ്ട്. ഇതുവരെയും ഈ പ്രദേശത്തെ കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇന്നും കടൽ ഏതു സമയവും ആക്രമിക്കപ്പെടാവുന്ന സ്ഥിതിയിലാണ്. ഈ കടൽഭിത്തിയ്ക്കു ഇടയിൽ

LIBRARY ARCHIVES Kerala Legislative Assembly